<u>ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ
നടപടി ഉത്തരവ്</u>

പുറപ്പെടുവിക്കുന്നത് : ഡോ.പി.പുകഴേന്തി.ഐ.എഫ്.എസ്.

**വിഷയം:-** വനം വന്യജീവിവകുപ്പ് - ജീവനക്കാര്യം - ഭരണവിഭാഗത്തിലെ T,H &E സെക്ഷനുകളിലെ ജോലികൾ പുനഃ ക്രമീകരിക്കുന്നതും T സെക്ഷനിലെ ഒരു ക്ലർക്ക് തസ്തിക E സെക്ഷനിലേക്ക് താൽക്കാലികമായി മാറ്റി ഉത്തരവ് പുറപ്പെവിക്കുന്നതും- സംബന്ധിച്ച്.

**സൂചന:-**

**<u>ഉത്തരവ് നമ്പർ ഇ3- 6000/2018 തീയതി: 16.02.2021</u>**

വനംവകുപ്പ് ആസ്ഥാനത്തിലെ ഭരണവിഭാഗത്തിൽ സെക്ഷൻ സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഏഴ് സെക്ഷനുകൾ ആണ് ഉള്ളത്. ഓരോ സെക്ഷനിലേയും ജോലി ഭാരമനുസരിച്ചാണ് സീറ്റുകളുടെ എണ്ണം ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ പുതുതായി അവതരിപ്പിക്കുന്ന നയങ്ങൾ, സ്കീമുകൾ, സോഫ്റ്റ് വെയറുകൾ എന്നിവ നിമിത്തം സെക്ഷനുകളിലെ ജോലി ഭാരത്തിൽ പലതരത്തിലുള്ള വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. വനംവകുപ്പിൽ ചെക്ക് സിസ്റ്റത്തിനു പകരം ബിൽ സിസ്റ്റം നടപ്പാക്കിയതു വഴി T സെക്ഷനിൽ കൈകാര്യം ചെയ്തിരുന്ന വളരെ വലിയ ഒരു പ്രവർത്തനമായിരുന്ന Monthly Accounts നൽകുന്നത് അവസാനിച്ചിട്ടുണ്ട്. പുതിയ സോഫ്റ്റ് വെയറുകളായ BIMS, BAMS, SPARK എന്നിവ നടപ്പിലാക്കിയതു വഴി ബിൽ തയ്യാറാക്കൽ, ഫണ്ട് അനുവദിക്കൽ എന്നിവ ചെയ്തു വരുന്ന T, H സെക്ഷനുകളെ സംബന്ധിച്ച് ജോലി കുറച്ചു കൂടെ ലളിതമാക്കിയിട്ടുണ്ട്. എന്നാൽ അതേ സമയം നോൺ ഗസറ്റഡ് ജീവനക്കാരുടെ എസ്റ്റാബ്ളിഷ്മെന്റ്, ചീഫ് മിനിസ്റ്റേഴ്സ് പോർട്ടൽ, ദിവസവേതന ജീവനക്കാരെ ക്രമീകരിക്കൽ, ട്രൈബൽ വാച്ചർമാരെ നിയമിക്കൽ, വരുന്ന ശമ്പള പരിഷ്കരണം, സർക്കാരിലേക്ക് നൽകേണ്ട അടിയന്തര റിപ്പോർട്ടുകൾ തുടങ്ങി മുൻപുണ്ടായിരുന്നതും, പിന്നീട് കൂട്ടിച്ചേർത്തതമായ നിരവധി പ്രവർത്തനങ്ങൾ E സെക്ഷനിൽ കൈകാര്യം ചെയ്തു വരുന്നുണ്ട്. പ്രത്യേകിച്ച് E6 സീറ്റിൽ സമയബന്ധിതമായി സർക്കാരിലേക്ക് നിരവധി റിപ്പോർട്ടുകൾ നൽകേണ്ടതിനാൽ മറ്റ് ജോലികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ച് T സെക്ഷനിലെ T2 സീറ്റ് താൽക്കാലികമായി E സെക്ഷനിലേക്ക് മാറ്റി E1 എന്ന് നാമകരണം ചെയ്ത് ഉത്തരവാകുന്നു. അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഇല്ലാതാകുന്ന T2 സീറ്റിൽ നിലവിൽ ചെയ്തു കൊണ്ടിരിക്കുന്ന ജോലികൾ മറ്റ് സീറ്റുകളിലേക്ക് ചുവടെ പറയും പ്രകാരം നൽകി കൊണ്ട് ഉത്തരവാകുന്നു.

| | |
|---|---|
| ആദായനികുതി, TDS ഫയലിംഗ്, ഫോം 16 | H4 സീറ്റ് |
| GIS, FBS എന്നിവ സംബന്ധിച്ച നടപടികൾ | H3 സീറ്റ് |
| GST-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, T സെക്ഷനിലെ ബിസിനസ്സ് സ്റ്റേറ്റ്മെന്റ്, മലയാളം ഫയൽസ് മുതലായവ | T4 സീറ്റ് |

പുതുതായി രൂപീകരിച്ച E1 സെക്ഷന്റെ ചുമതലകൾ E2, E6 സീറ്റുകളിൽ നിന്ന് താഴെ പറയും പ്രകാരം വീതിച്ച് നൽകി ഉത്തരവാകുന്നു.

<u>നിലവിൽ E2 സെക്ഷനിൽ ചെയ്തു വരുന്ന ജോലികൾ</u>

i) ഫോറസ്റ്റ് വാച്ചർമാരുടെ എസ്റ്റാബ്ളിഷ്മെന്റ്
ii) PTS, ക്യാഷ്വൽ സ്വീപ്പർമാരുടെ എസ്റ്റാബ്ളിഷ്മെന്റ്

<u>നിലവിൽ E6 സെക്ഷനിൽ ചെയ്തു വരുന്ന ജോലികൾ</u>

i) സി.സി.എഫ് കൗൺസിൽ, മീറ്റിംഗ്സ്, കോൺഫറൻസ്, സെമിനാർ മുതലായവ
ii) ഭരണ റിപ്പോർട്ട്
iii) ബിസിനസ്സ് സ്റ്റേറ്റ്മെന്റ്
iv) ഇ-കാസ്റ്റ് ഡേറ്റാ ബേസ്
v) ഔദ്യോഗിക ഭാഷ മലയാളം
vi) ഫയൽ അദാലത്ത്
vii) സേവനാവകാശ നിയമം
viii) ഓഡിറ്റ് (ഭരണ വിഭാഗം)

മേൽ പറഞ്ഞ ജോലികൾ തുടർന്ന് E1 സെക്ഷനിൽ കൈകാര്യം ചെയ്യുന്നതിനും ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം).

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന് അറിവിലേക്കായി സമർപ്പിക്കുന്നു.
എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറെസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറെസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ ചീഫ് ഫോറെസ്റ്റ് കൺസർവേറ്റർമാർക്കും
ചീഫ് ഫോറെസ്റ്റ് കൺസർവേറ്റർ(IT)ക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
എച്ച്/റ്റി/ഇ സെക്ഷനുകൾക്ക്
സംഭരണ ഫയൽ